സ്പോർട്സ് 2/8414/2018/ഡി പി ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി: 19/02/2018

പ്രേഷിതൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

വിഷയം :- പൊ വി - 2018-19 വർഷത്തെ സമ്മർ കോച്ചിംഗ് ക്യാമ്പ് സെലക്ഷൻ - സംബന്ധിച്ച്

സൂചന :

2018-19 അദ്ധ്യയന വർഷം കേരളത്തെ പ്രതിനിധീകരിച്ച് ദേശീയ സ്കൂൾ അത്‌ലറ്റിക്സ് ഗെയിംസ് മത്സരങ്ങളിൽ പങ്കെടുക്കുവാൻ സാധ്യതയുള്ള മികച്ച കായികതാരങ്ങളെ കണ്ടെത്തുന്നതിനും 2018 ഏപ്രിൽ, മെയ് മാസങ്ങളിൽ നടക്കുന്ന സമ്മർ കോച്ചിംഗ് ക്യാമ്പിൽ അവരെ ഉൾപ്പെടുത്തിക്കൊണ്ട് മികച്ച പരിശീലനം നൽകുന്നതിനും വേണ്ടിയുള്ള സംസ്ഥാന സെലക്ഷൻ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. അത്‌ലറ്റിക്സ്, തയ്ക്വണ്ഡോ, ഫുട്ബോൾ, വോളീബോൾ, ഹാൻഡ്ബോൾ, കബഡി, ഖൊ-ഖൊ, ക്രിക്കറ്റ്, ബാസ്ക്കറ്റ് ബോൾ, ബോൾബാഡ്മിന്റൺ, ഹോക്കി എന്നീ ഇനങ്ങളിലാണ് സമ്മർ കോച്ചിംഗ് ക്യാമ്പിൽ പ്രത്യേക പരിശീലനം നൽകുന്നത്.

2017-18 അദ്ധ്യയന വർഷം 6-ാം ക്ലാസ് മുതൽ 11-ാം ക്ലാസ് വരെ കേരള സിലബസിൽ പഠിക്കുന്ന അത്‌ലറ്റിക്സ് ഗെയിംസ് ഇനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ചിട്ടുള്ളതുമായ കായികതാരങ്ങൾ അവർക്ക് കായികമത്സരങ്ങളിൽ പങ്കെടുത്ത് ലഭിച്ച സർട്ടിഫിക്കറ്റുകളും പ്രധാന അദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തിയ ഫോട്ടോ പതിച്ച നിശ്ചിത ഫോറത്തിലുള്ള യോഗ്യത സർട്ടിഫിക്കറ്റും സഹിതം ചുവടെ ചേർത്തിരിക്കുന്ന സ്ഥലങ്ങളിൽ അതാത് ദിവസം രാവിലെ 8 മണിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. സെലക്ഷനിൽ പങ്കെടുക്കുന്ന കുട്ടികൾ റവന്യൂ ജില്ലാതല മത്സരത്തിലെങ്കിലും പങ്കെടുത്തവരായിരിക്കണം.

| | |
|---|---|
| 2018 ഫെബ്രുവരി 15 | കോട്ടയം നെഹ്റു സ്റ്റേഡിയം (ഇടുക്കി, കോട്ടയം, ആലപ്പുഴ, എറണാകുളം) |
| 2018 ഫെബ്രുവരി 20 | തിരുവനന്തപുരം, ആഡിറ്റോറിയം ഡി പി ഐ ഓഫീസ് (കൊല്ലം, തിരുവനന്തപുരം, പത്തനംതിട്ട) |
| 2018 ഫെബ്രുവരി 22 | കണ്ണൂർ, സ്കൗട്ട് & ഗൈഡ്സ് ഓഫീസ് (കാസർഗോഡ്, വയനാട്, കണ്ണൂർ, കോഴിക്കോട്) |
| 2018 ഫെബ്രുവരി 26 | തൃശൂർ, വി കെ എൻ മേനോൻ ഇൻഡോർ സ്റ്റേഡിയം (പാലക്കാട്, തൃശൂർ, മലപ്പുറം) |

DIRECTORATE OF PUBLIC INSTRUCTION
THIRUVANANTHAPURAM-14

JIMMY K. JOSE
Addl. Director of Public Instruction (Academic)
Directorate of Public Instruction
Thiruvananthapuram-14

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്

1. എല്ലാ ആർ ഡി എസ് ജി എ സെക്രട്ടറിമാർക്കും